# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5325 — 26.03.2018 -ലെ മറുപടിയ്ക്ക്

**<u>സർവ്വകലാശാലകളിൽ ഏകീകൃത അക്കാദമിക് കലണ്ടർ</u>**

*<u>ചോദ്യം</u>*

**ശ്രീ.കെ.എസ്.ശബരീനാഥൻ**

*<u>ഉത്തരം</u>*

**പ്രൊഫ. സി. രവീന്ദ്രനാഥ്**

**(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഒരു ഏകീകൃത അക്കാദമിക് കലണ്ടർ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) & (ബി) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഏകീകൃത പ്രവേശനം, പരീക്ഷാകലണ്ടർ എന്നിവയുടെ തയ്യാറെടുപ്പുകൾ നടന്നുവരുന്നു. ബിരുദ- ബിരുദാനന്തര കോഴ്സുകളുടെ പ്രവേശന നടപടികൾ മുതൽ പരീക്ഷാഫലം, സർട്ടിഫിക്കറ്റ് വിതരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ എല്ലാ സർവ്വകലാശാലകളിലും നിശ്ചയിക്കപ്പെട്ട കലണ്ടർ പ്രകാരം നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സമഗ്രമായ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന് എം.ജി സർവ്വകലാശാല വൈസ് ചാൻസലർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>ടി പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുമ്പോൾ വിദ്യാർത്ഥി പ്രവേശനം മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെയുള്ള കാര്യങ്ങൾക്ക് ഒരു ഏകീകൃത സ്വഭാവം കൈവരിക്കാനാകുമെന്ന് കരുതുന്നു. കൂടാതെ സംസ്ഥാനത്തെ സർവ്വകലാശാലകൾക്കായി ഏകീകൃത അക്കാദമിക - പരീക്ഷാ കലണ്ടർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ പ്രോ-വൈസ് ചാൻസിലർമാരുടെ കമ്മിറ്റി രൂപീകരിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി തയ്യാറാക്കുന്ന റിപ്പോർട്ട് കൗൺസിലിന്റെ അംഗീകാരത്തോടെ സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | ഇതു സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശകൾ എന്തൊക്കെയായിരുന്നു; വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ